
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ,നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിൻെറ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# ബൈബിൾ ട്രൂത്ത്

**Editors**

**P. K. VARGHESE** **J. C. CHOATE**

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 11** **February 1998** **No. 11**


## എഡിറ്റോറിയൽ

ജാതി മതഭേദ വ്യത്യാസമില്ലാതെ എല്ലാവരിലും കാണപ്പെടുന്ന ഒരു സ്വഭാവമാണ് മത്സരം. പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഉണ്ട്. പക്ഷെ രൂപത്തിലും ഭാവത്തിലും വ്യത്യാസം ഉണ്ടെന്നു മാത്രം. എല്ലാ രംഗത്തും ഇത് കാണപ്പെടുന്നതാണ്. കലാകായിക രംഗങ്ങളിലുണ്ട്; സാംസ്കാരിക തലങ്ങളിൽ ഉണ്ട്; മതപരമായ പ്രവർത്തനങ്ങളിലും രാഷ്ട്രീയ ഗ്രൂപ്പുകളിലും ഇത് ദൃശ്യമാണ്. ഇതിൽ ഉൾക്കൊള്ളുന്ന അപകടം നാം അറിയാതിരിക്കരുത്. ഗുണവും ദോഷവും സദുദ്ദേശവും ദുരുദ്ദേശവും തമ്മിലുള്ള വകഭേദം തിരിച്ചറിഞ്ഞില്ലെങ്കിൽ കുഴപ്പം സംഭവിക്കും. നമുക്കു ചുറ്റുപാടും വസിക്കുന്ന മനുഷ്യർക്കു എന്തെല്ലാം നേട്ടങ്ങൾ ഉണ്ട് എന്നു വിലയിരുത്തുന്നത് അവർക്കുള്ള ഭൗതിക സമ്പാദ്യത്തെ കണ്ടുകൊണ്ടാണ്. ലൗകിക മനുഷ്യന്റെ കാഴ്ചപ്പാട് അതിനപ്പുറം പോകുന്നില്ല.

ഭൗതികമായി ഒരാളേക്കാൾ മറ്റൊരാൾക്കു എന്തെല്ലാം സ്വരൂപിക്കാൻ കഴിയുമെന്ന് ചിലർ കാണിച്ചു കൊടുക്കുന്നു. അല്ലെങ്കിൽ അതിനു വേണ്ടിയുള്ള പരിശ്രമത്തിൽ കഴിയുന്നവർ ആ ആഗ്രഹം സാധിക്കുന്നതിനു ഏത് വഴിയും സ്വീകരിക്കുവാൻ നിർബ്ബന്ധിതരാകുന്നു. അതിനു വേണ്ടി കവർച്ച നടത്തുന്നവർ ഉണ്ട്, പിടിച്ചു പറിക്കുന്നവരുണ്ട്, അമിത പലിശക്കു പണം കടം കൊടുക്കുന്നവർ

ഉണ്ട്. അഴിമതി ചെയ്യുന്നവരുണ്ട്. ചുരുക്കി പറഞ്ഞാൽ നിയമ വിരുദ്ധമായ മാർഗ്ഗങ്ങൾ അവലംബമാക്കി ലക്ഷ്യത്തിലെത്താൻ വെമ്പൽ കൊള്ളുന്നു. തിന്മ ചെയ്യുവാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന ഇത്തരം ആകർഷണങ്ങളിൽ കുടുങ്ങാതിരിക്കാൻ അവർക്കു കഴിയുന്നില്ല. ലൗകികമായവയെല്ലാം താല്ക്കാലികമാണ് എന്നും അവയ്ക്കൊന്നിനും മനുഷ്യരെ തൃപ്തരാക്കാൻ പററുകയില്ല എന്നതാണ് വാസ്തവം. മയക്കു മരുന്നിനു അടിമപ്പെടുന്ന ലാഘവത്തോടെയാണ് ഇന്ന് ആളുകൾ ഇത്തരം മത്സരങ്ങളിൽ പെട്ടു കിടക്കുന്നത്.

കൊച്ചു കുട്ടികളിലേക്കു പോലും ഈ മത്സരസ്വഭാവം കടത്തി വിടുന്ന മാതാപിതാക്കളും ഉണ്ട്. കുട്ടികളിലുള്ള നൈസർഗ്ഗിക വാസനകൾ കണ്ടെത്തി അവയെ വളർത്തിയെടുക്കാൻ നോക്കണം. ദൈവം അവർക്കു കനിഞ്ഞ് കൊടുത്തിട്ടുള്ള കഴിവുകൾ ഉണ്ട്. അത് മനസ്സിലാക്കി ക്രിയാത്മകമായി അത് ഉപയോഗിക്കാൻ ശീലിപ്പിക്കണം. അല്ലാതെ വെറുതെ മത്സരിപ്പിച്ച് അവരുടെ യഥാർത്ഥ കഴിവുകളെ തളർത്തി കളയരുത്. നിങ്ങൾ പുരുഷനായാലും സ്ത്രീയായാലും ദൈവിക സ്വഭാവം നിങ്ങളിൽ വളർത്തിയെടുക്കാൻ നിങ്ങൾ പരമാവധി ശ്രമിച്ചു നോക്കൂ. നിങ്ങൾക്കു മക്കൾ ഉണ്ടെങ്കിൽ അവർക്ക് യഥാർത്ഥ ജീവിത മാതൃക എന്തായിരിക്കണം എന്ന് പഠിപ്പിക്കൂ. മത്സരം ആഭിചാരത്തിനു തുല്യമാണ്. ശാഠ്യം ദുർവ്വാശി എന്നിവയെല്ലാം അഹങ്കാരത്തോടൊപ്പം ഒരാളിൽ വളർന്നു വരുന്നതു നേർവഴിക്ക് അയാളെ നയിക്കാതിരുന്നതു കൊണ്ടാണ്. നമ്മുടെ സമൂഹത്തിലെ തിന്മകൾ ഇല്ലാതാക്കുവാൻ നമുക്ക് എല്ലാവർക്കും ഒന്നു മത്സരിച്ചു കൂടെ?

★

# നിങ്ങൾ ബൈബിൾ വായിക്കാൻ തുടങ്ങിയത് താമസിച്ചോ?

**J.C. ചോട്ട്**

ബൈബിൾ ദൈവശ്വാസീയമായ വചനമാണ്. അത് സത്യമാണ്. അത് ഒരിക്കലും ഇല്ലാതാകുന്നതല്ല (2തിമൊഥെയോസ് 3:16-17; യോഹന്നാൻ 8:32; മത്തായി 24:35). മറെറാരർത്ഥത്തിൽ പറഞ്ഞാൽ ദൈവം സംസാരിച്ചതാണ് (എബ്രായർ 1:1-2). ദൈവേഷ്ടം മനുഷ്യരോടു വെളിപ്പെടുത്തിയിരിക്കുന്നതാണ് (മത്തായി 7:21). നമ്മൾ വചനം പ്രമാണിക്കുന്നവർ ആയിരിക്കണം (യാക്കോബ് 1:22). സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ പ്രമാണം എന്ന് ഇതിനെ അറിയപ്പെടുന്നു (യാക്കോബ് 1:25). ദൈവകല്പനകൾ അടങ്ങുന്നതാണിത് (വെളിപ്പാട് 22:14). ജീവനും ഭക്തിക്കും വേണ്ടത് ഒക്കെയും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു (2പത്രൊസ് 1:3). വെളിച്ചം പകരുന്ന ഒന്നാണിത് (സങ്കീർത്തനങ്ങൾ 119:105). നാം സത്യം അനുസരിക്കുമ്പോൾ അത് നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കുന്നു (1പത്രൊസ് 1:22). അവസാനം അത് നമ്മെ ന്യായം വിധിക്കും (യോഹന്നാൻ 12:48). ദൈവ വചനത്തിൽ പറഞ്ഞിരിക്കുന്ന കർത്താവിന്റെ വചനത്തിനോ, ഇഷ്ടത്തിനോ, പ്രബോധനത്തിനോ അവസാനമില്ല.

ദൈവം സത്യം മാത്രമേ പറയുകയുള്ളു. ഒരിക്കലും ഭോഷ്ക്ക് പറയുകയില്ല. അവൻ ഒരിക്കലും നമ്മെ തെററായി നയിക്കുകയില്ല; ചതിക്കുകയുമില്ല. അവന്റെ വചനം എന്നേക്കും ഉള്ളതാണ്. ആരംഭം മുതൽ അങ്ങനെ തന്നെയാണ്. ദൈവത്തിന്റെ വചനത്തിനു മാററമില്ല എന്നു പറയുമ്പോൾ നിയമം മാറുകയില്ല എന്ന ധാരണ ശരിയല്ല. നല്കപ്പെട്ട വചനത്തോടു കൂട്ടുവാനോ കുറക്കുവാനോ പാടില്ല എന്നു അരുളിച്ചെയ്തിട്ടുണ്ട് വെളിപ്പാട്

22:18, 19). നമ്മുടെ ജീവിതത്തിൽ എന്തെല്ലാമാണ് അത്യാവശ്യമായിട്ടുള്ളത് എന്നു നമ്മെക്കാളും ദൈവത്തിനാണ് അറിയാവുന്നത്. അത് നമ്മുടെ നന്മക്കായി തന്നിരിക്കുന്നതുമാണ്. അതിൽ നാം ഒതുങ്ങി നില്ക്കണം. അതാണ് നമ്മെ സംബന്ധിച്ച് വേണ്ടത്.

വേദകരവും എന്നാൽ വാസ്തവുമായ കാര്യമെന്തെന്നാൽ പലരും ബൈബിൾ ദൈവത്തിന്റെ വചനമായി അംഗീകരിക്കുന്നില്ല എന്നതാണ്. വളരെയധികം ആളുകൾ ഈ കൂട്ടത്തിൽ പെടും എന്നത് യാഥാർത്ഥ്യമാണ്. ഇങ്ങനെ സംഭവിക്കാനിടയായതിനു അനേക കാരണങ്ങൾ ഉണ്ട്. വേറെ സുവിശേഷങ്ങൾ പ്രസംഗിക്കപ്പെട്ടിരിക്കുന്നു; വിവിധ നാമധേയ വിഭാഗീയ സഭകളുടെ സ്ഥാപനം, വിവിധ തരങ്ങളിലുള്ള ആരാധന സമ്പ്രദായങ്ങൾ, ദൈവ വചനത്തിനു എതിരായ എണ്ണമററ ഉപദേശങ്ങൾ തുടങ്ങിയവയാണ് ചിലത്. സമൂഹത്തിൽ ഇന്നു പരക്കെയുള്ള ധാരണ എന്തെന്നാൽ ഈ ദുരുപദേശങ്ങളും തെററായ ആരാധനയും, വചന വിരുദ്ധമായ സഭകൾ സ്ഥാപിക്കൽ എന്നിവയൊന്നും കണക്കിലെടുക്കാതെ കർത്താവിന്റെ കരുണയാലും കൃപയാലും എല്ലാവരേയും അവസാനം രക്ഷിക്കും എന്നതാണ്. ഇത് മിത്ഥ്യയാണ്. ദൈവം അങ്ങനെ ഒരിക്കലും ചെയ്യുകയില്ല.

സഭയിൽ പോലും ചിലർ തങ്ങളുടെ നിസാരമായ പാപങ്ങൾ വെച്ചു പുലർത്തുവാൻ ഉപദേശത്തെ മാററി മറിക്കുവാൻ ആഗ്രഹിക്കുന്നവരുണ്ട്. അവരുടെ ദുസ്സ്വഭാവത്തെ ന്യായീകരിക്കുവാൻ ഉപദേശത്തിൽ മായം കലർത്തും. വിവാഹത്തെ സംബന്ധിച്ച്, ഉപേക്ഷണത്തെ സംബന്ധിച്ച്, പുനർവിവാഹത്തെ സംബന്ധിച്ച് ആരാധനയിൽ കൊഴുപ്പുണ്ടാകുന്നതിനു ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെ എല്ലാം ന്യായീകരിക്കുന്നവർ കണ്ടേക്കാം. സഭയിൽ സ്ത്രീകൾക്കുള്ള പ്രാതിനിധ്യത്തെ കുറിച്ച് വാദിക്കുന്ന

വരും കണ്ടേക്കാം. നാം ആരെയാണ് ഈ കാര്യങ്ങളിൽ പ്രസാദിപ്പിക്കുന്നത് എന്നു ഒരു നിമിഷം ഒന്നു ചിന്തിച്ചു നോക്കുക. നമുക്ക് ഇഷ്ടമുള്ളതു വിശ്വസിക്കാം, ഇഷ്ടമുള്ളത് ചെയ്യാം, ഇഷ്ടമുള്ളത് പഠിപ്പിക്കാം. പക്ഷെ അതുകൊണ്ട് അത് ശരിയായിരിക്കണമെന്നില്ല. എല്ലാവർക്കും ദൈവം സ്വാതന്ത്ര്യം തന്നിട്ടുണ്ട്. അത് ശരിയായി ഉപയോഗിച്ചാൽ നമുക്ക് അതിന്റെ ഗുണം അനുഭവിക്കാം. ഇല്ലെങ്കിൽ ഒരിക്കൽ ന്യായവിധി ഉണ്ട് എന്നു ഓർമ്മിക്കുക എല്ലാവരും കർത്താവിന്റെ ന്യായവിസ്താരത്തിനു മുൻപിൽ നില്ക്കേണ്ടി വരും. അതിൽ നിന്നു ഒഴിഞ്ഞു മാറുവാനോ, കർത്താവിനോട് ന്യായവാദം ഉന്നയിക്കാനോ ആർക്കും സാദ്ധ്യമല്ല.

നിങ്ങൾ വളരെ താമസിച്ചാണോ ബൈബിൾ വായിക്കാൻ തുടങ്ങിയത്? ആദ്യം വായിച്ചു തുടങ്ങിയപ്പോൾ നിങ്ങൾക്ക് എന്തു തോന്നി? പിന്നെയും വായിച്ചപ്പോൾ എന്താണ് അനുഭവപ്പെട്ടത്? അതിലെ ഉപദേശങ്ങൾ മനസ്സിലായിട്ടുണ്ടോ? കഴിഞ്ഞ കാലത്തിൽ ദൈവം ഇടപെട്ടതുപോലെയാണോ പിന്നീട് ദൈവം ഇടപെടുന്നത്? യേശു ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടേയും കാലയളവിൽ നല്കിയ ഉപദേശത്തെ നിങ്ങൾ വായിച്ച് ഗ്രഹിച്ചിട്ടുണ്ടോ? അപ്പൊസ്തലന്മാരുടെ സമയത്തുണ്ടായിരുന്ന സഭയേക്കാൾ കൂടുതലായി പിന്നീട് നിങ്ങൾക്കു വായിക്കാൻ കഴിയുന്നുണ്ടോ? മുൻകാലങ്ങളിൽ നിഷേധിക്കപ്പെട്ട രീതിയിൽ ഇന്നു ദൈവത്തെ ആരാധിക്കുവാൻ ദൈവം ആരെയെങ്കിലും അനുവദിക്കുന്നുണ്ടോ?

താമസിച്ചാണെങ്കിലും ആളുകൾ ബൈബിൾ ശരിക്കു വായിക്കുന്നില്ല എന്നതായിരിക്കാം ഏറ്റവും വലിയ പ്രശ്നം. അതുകൊണ്ടാണ് ബൈബിൾ ഉപദേശിക്കുന്നതിൽ നിന്നും ആളുകൾ അകന്നു പോകുന്നത്. അതെന്താണ് പഠിപ്പിക്കുന്നതെന്നു പോലും അറിയാത്തവർ ഇന്നുമുണ്ട്.

അതിനാൽ ദൈവത്തെ ശ്രദ്ധിക്കുന്നതിനു പകരം ജനങ്ങളെ ശ്രദ്ധിക്കും. ദൈവം പറയുന്നതിനേക്കാൾ മനുഷ്യർ പറയുന്നതു കേൾക്കും. ദൈവം അംഗീകരിക്കുമോ എന്നു ചിന്തിക്കാതെ സ്വന്ത മനസിൽ തോന്നുന്നതുപോലെ പ്രവർത്തിക്കാൻ പ്രേരിതരാവുകയാണ് അവർ. പക്ഷെ നിങ്ങൾ വഞ്ചിതരാകരുത്. അത് പ്രായോഗികമല്ല എന്നോർക്കണം. ദൈവം എപ്പോഴും ദൈവം തന്നെയാണ്. അവൻെറ വചനമാണ് പരമാധികാരമുള്ള ശബ്ദം. ദൈവത്തിൻെറ ഹിതത്തിനു നാം അനുരൂപരാകണം. നമ്മുടെ വഴി ദൈവം സ്വീകരിക്കണം എന്നാകരുത്. ദൈവം സ്വീകരിക്കുന്ന ഏക വഴി ദൈവത്തിൻേറത് മാത്രമാണ്.

ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും നാം രക്ഷ പ്രാപിക്കണമെന്നുണ്ടെങ്കിൽ നാം മടങ്ങി വന്നു ദൈവ വചനം വായിക്കുകയും മനസിലാക്കുകയും വേണം. കർത്താവ് പറയുന്നത് എന്താണെന്നു തിരിച്ചറിയണം. ലളിതമായ വചനങ്ങൾ വായിച്ചാൽ മനസിലാക്കാം, വിശ്വസിക്കാം, അനുസരിക്കുകയും ചെയ്യാം. അങ്ങനെ നാമും മററുള്ളവരും ചെയ്യുമ്പോൾ കർത്താവിനെ നാം പ്രസാദിപ്പിക്കുകയാണ് ചെയ്യുന്നത്. ബൈബിളിൽ മാത്രം വിശ്വസിക്കയും അത് മാത്രം അനുസരിക്കുകയും ചെയ്യുമ്പോൾ നമ്മളെ ദൈവം രക്ഷിക്കുകയാണ് ചെയ്യുന്നത്. രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു. അവർ വചനപ്രകാരം ദൈവത്തെ നമസ്ക്കരിക്കുകയും വിശ്വസ്തമായി ക്രിസ്തുവിൻെറ ഉപദേശ പ്രകാരം ജീവിക്കയും ചെയ്യുന്നു. അവസാനം ദൈവം അവരെ സ്വർഗ്ഗത്തിലേക്ക് എത്തിക്കുന്നു. ഇത് വിഷമകരമായ കാര്യമേയല്ല. ദൈവത്തിൻെറ അരുളപ്പാടുകൾ അനുസരിക്കുക എന്നത് എളുപ്പമുള്ള വഴിയാണ്. ദൈവ വഴി ലളിതമാണ്. മനസുണ്ടെങ്കിൽ ആർക്കും ആ വഴി സ്വീകരിക്കാം.

അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകം വായി

ച്ചാൽ അപ്പൊസ്തലന്മാരുടെ പ്രസംഗം എന്തായിരുന്നു എന്നു ഗ്രഹിക്കാം. അവർ ഏതു സഭയിലായിരുന്നു എന്നും കാണാം. അവർ എങ്ങനെ ദൈവത്തെ ആരാധിച്ചു എന്നും എങ്ങനെയുള്ള ജീവിതമായിരുന്നു അവരുടേത് എന്നും നിങ്ങൾക്കു മനസിലാക്കാം. ഇന്നും നമുക്കുള്ളത് അതേ വചനം തന്നെയാണ്. ആ വചനം നാം വിശ്വസിക്കയും സൗമ്യതയോടെ അനുസരിക്കയും ചെയ്താൽ രക്ഷകനായ കർത്താവു നമ്മെ രക്ഷിക്കും. അവന്റെ സഭയിലേക്കു നമ്മെ ചേർക്കുകയും ചെയ്യും. അവൻ രക്ഷിക്കുന്ന രീതി മാററിയിട്ടില്ല. അവൻ സഭയിലേക്കു ആളുകളെ ചേർക്കുന്ന രീതിയും മാററിയിട്ടില്ല. അതുപോലെ തന്നെയാണ് പുതിയ നിയമത്തിലെ കല്പനകളും നിർദ്ദേശങ്ങളും ഇന്നും നമ്മെ ബാധിക്കുന്ന രീതിയിൽ പറഞ്ഞിട്ടുള്ളത് നാം വായിച്ച് മനസിലാക്കണം. നമുക്കു കർത്താവിന്റെ വഴിയാണ് ആവശ്യം. മനുഷ്യരുടെ വഴി കർത്താവിന്റേതുപോലെ തോന്നിയാൽ പോലും അതിൽ കൂടെ പോകരുത്. കാരണം നമ്മെ അവസാന നാളിൽ ന്യായം വിധിക്കുന്നത് കർത്താവിന്റെ വചനമാണ്. ദൈവത്തിന്റെ ശക്തിയുള്ള വചനം ഇന്നും ആത്മാക്കളെ രക്ഷിക്കും. നിങ്ങൾ ബൈബിൾ വായനയിലും മററും എവിടെ എത്തിയിരിക്കുന്നു?

## നമ്മുടെ ജീവിതത്തിൽ ഭയത്തിന്റെ ഫലങ്ങൾ

ഭയം നമ്മുടെ ജീവിതത്തിൽ സന്ദേഹം വരുത്തുന്നു. ഭയം നിമിത്തം ചിലർക്കു പരസ്യമായി യേശുവിനെ ഏററു പറയുവാൻ മടിയാണ് (യോഹന്നാൻ 12:42; സങ്കീർത്തനങ്ങൾ 3:6). തീരുമാനം എടുക്കാതിരിക്കാൻ തീരുമാനിക്കുന്നതു പരാജയം തിരഞ്ഞെടുക്കുകയാണ് (2തെസലൊനിക്യർ 1:6-9). മററാളുകളുടെ കാൽപാടുകളിൽ കൂടെ ഓടുന്നവർ പുതിയ അടയാളങ്ങൾ ഉണ്ടാക്കുന്നില്ല. ചിലർ ഭയം നിമിത്തം പാപങ്ങളെ ഏററു പറയാതിരിക്കുന്നു. മററു ചിലർ അത് പറഞ്ഞുകൊണ്ടു നടക്കുന്നു (പ്രവൃത്തി 8:22; യാക്കോബ് 5:16).

ഭീതി നിമിത്തം പല നല്ല പ്രവൃത്തികളും ചെയ്യാതെ വിട്ടു കളയുന്നുണ്ട്. പരാജയ ഭീതിയോ, മനുഷ്യരെ ഭയമോ ആയിട്ടായിരിക്കാം അവ ചെയ്യാതിരിക്കുന്നത് (മത്തായി 25:24-30). ക്രിസ്ത്യാനികൾ ഒരിക്കലും ഭയപ്പെടാൻ പാടില്ല. കർത്താവിന്റെ സഭകളെ ഒരിക്കലും ഭയം കവർന്നു തിന്നാതെ സൂക്ഷിക്കണം. ഉപദേഷ്ടാക്കന്മാരും അംഗങ്ങളും അത് പ്രത്യേകം ശ്രദ്ധിക്കണം. ഉപദേഷ്ടാക്കന്മാർക്കു സഹായം ലഭിക്കുന്നു എന്നതുകൊണ്ടു ഉപദേശ സംബന്ധമായ തെററുകൾ കണ്ടാൽ അത് ചൂണ്ടിക്കാണിക്കുവാൻ ധൈര്യം ഉണ്ടാകണം. സഭയിലെ ഏതെങ്കിലും ഒരു ഉന്നത വ്യക്തിയിലായാലും തെററു കാണുന്നുവെങ്കിൽ ശാസിക്കാൻ മടിക്കരുത്. സഭയുടെ വിശുദ്ധി പരിപാലിക്കപ്പെടേണ്ടത് ഉപദേശത്തിലും ജീവിതത്തിലും ആണ്.

നാം യഥാർത്ഥത്തിൽ ഭയപ്പെടേണ്ടത് ഭയത്തെ മാത്രം. കാരണം ഭയം, വിജയത്തിന്റെ ശത്രുവാണ്. ഭയം നമ്മിൽ കടന്നുവന്നാൽ അത് വരുത്തി വെച്ചേക്കാവുന്ന വിനകൾ നാം അറിഞ്ഞിരിക്കണം. കർമ്മശേഷിയെ മരവിപ്പിക്കുന്ന പേടി മാററുക. നിസാരമായി ചെയ്യാവുന്നതു പ്രയാസമേറുന്നതായി തോന്നും. അലസതയും നിഷേധവും അതോടുകൂടി പ്രവേശിക്കും. ഭയം നിമിത്തം രോഗബാധിതരാകുന്നവരുണ്ട്; ഭീരുത്വം നിമിത്തം ജീവനെ നഷ്ടപ്പെടുത്തുന്നവർ ഉണ്ട്. പേടിച്ച് വിറച്ച് മരിക്കുന്നവരുമുണ്ട്. ഏതൊരു സാഹചര്യത്തെയും തരണം ചെയ്യുവാനുള്ള ആത്മധൈര്യം ആർജ്ജിച്ചെടുക്കണം. ''തലക്കു മുകളിൽ വെള്ളം വന്നാൽ അതിനു മുകളിൽ ഒരു തോണി'' എന്നു കേട്ടിട്ടില്ലേ? അത് വാസ്തവമാണ്, നാം ദൈവത്തിൽ വിശ്വാസം ഉറപ്പിച്ചാൽ. വിശ്വാസമില്ലാത്തവരിൽ ഭയം വിട്ടുമാറാതെ കൂടിയിരിക്കും.

ദൈവ വചനം ശക്തിയുള്ള ഒന്നാണ്. പക്ഷെ ആ സുവിശേഷത്തെ കുറിച്ച് ചിലർ നാണിക്കുന്നു എങ്കിൽ അവരിൽ ഭയമാണുള്ളത്. ചിലർക്കു തുറന്ന കൈയിൽ ബൈബിൾ എടുത്തുകൊണ്ടു പോകാൻ ഭയമാണ്. ആരെങ്കിലും കണ്ടാൽ ആളുകൾ കളിയാക്കിയാലോ, ആക്ഷേപിച്ചാലോ എന്നൊക്കെ അവർ കരുതുന്നത്. ദൈവത്തെ ഭയപ്പെടാതെ മനുഷ്യരെ പേടിക്കുന്നവരായ ഇവർ എങ്ങനെ ശിക്ഷാവിധിയിൽ നിന്നു ഒഴിയും? (റോമർ 1:16). ഒരു ദേശത്തു നിന്നു ഭയന്നു മറ്റൊരു ദേശത്തേക്കു പലായനം ചെയ്യുന്നവരുണ്ട് (യിരെമ്യാവ് 26:21). ഒരു സത്യസന്ധനായ ക്രിസ്ത്യാനി ദൈവത്തെ മാത്രമെ ഭയപ്പെടാവൂ. ദൈവം നമ്മളിൽ തന്നിരിക്കുന്ന ആത്മാവ് ദൈവത്തിന്റേതാണ്; ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല. അതുകൊണ്ട് നമ്മുടെ ബുദ്ധി ശരിയായി പ്രവർത്തിക്കാൻ ശരിയായി ചിന്തിക്കണം.

ഭയം നിമിത്തം സഭയിലുള്ള പലരും തങ്ങളുടെ താലന്തുകൾ ഉപയോഗിക്കാതിരിക്കുന്നു. പലരും മൂപ്പന്മാരും, ശുശ്രൂഷകന്മാരും, ഉപദേഷ്ടാക്കന്മാരും, ആത്മാക്കളെ നേടുന്നവരും, നായകത്വം നടത്തേണ്ടവരും ആകേണ്ടവരാണ്. പക്ഷെ അവർക്ക് അവരിൽ വിശ്വാസമില്ലാതെയിരിക്കുന്നു. അവരിൽ വെളിപ്പെടുത്തിയിരിക്കുന്ന കഴിവുകൾ കണ്ടെത്തുവാനോ ഉപയോഗിക്കുവാനോ അവർക്കു കഴിയുന്നില്ല. നന്മ ചെയ്വാനറിഞ്ഞിട്ടു നാം അത് ചെയ്യാതിരുന്നാൽ പാപമത്രെ. ഭയം നിമിത്തം കള്ളം പറയാൻ ചിലർ നിർബ്ബന്ധിതരാകുന്നു. ഒരു കള്ളം പറഞ്ഞു ഫലിപ്പിക്കാൻ വേറെ അനേകം കള്ളം പറയേണ്ടി വരുന്നു. ഇതു സ്വർഗ്ഗത്തിൽ പോകുന്നതിനു തടസമായി തീരുകയും ചെയ്യുന്നു (യാക്കോബ് 4:17; വെളിപ്പാട് 21:8).

★

# 20 വെള്ളിക്കാശ്

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

തൻ രക്തപാശത്തെ പൊട്ടക്കിണററതിൽ,
ആഴപ്പകുതിയിൽ തള്ളിയെന്നോർക്കുമ്പോഴം.
ഏങ്ങിതുടിക്കുന്നു രൂപേനുമന്നേരം,
ഞെട്ടി തെറിച്ചുദ്ധരിച്ചു നിന്നിടുന്നു

നമ്മാം തകർത്തതും വിററതും മോശമെ-
ന്നാരുമറിയാതെ പോകുവിൻ വേഗമായ്.
കാലം കടന്നുപോയ് ക്ഷാമം പരക്കവേ,
ദേശം നടുങ്ങി തുടങ്ങിയതപ്പോഴും.

തൻമുൻപിൽ നില്പത് ആരെന്നറിഞ്ഞതും
പൊട്ടിക്കരഞ്ഞുപോയ് യോസേപ്പുമന്നേരം
ഞാൻ തന്നെ നിങ്ങടെ കൂടപ്പിറപ്പാകിയ
പണ്ടത്തെ പൊട്ടക്കിണററിലെ യോസേപ്പ്

എന്നെ മതിച്ചു വിലവെച്ചു വിററതോ
കേവലം 20 വെള്ളിക്കാശാണഹോ.
എൻ അപ്പനെ വേഗമായ് കൊണ്ടുവന്നീടുവിൻ
കാണട്ടെ ഞാനെൻെറ, യപ്പൻെറ പൊന്മുഖം

★

# ദൈവത്തിൽ നിന്നുള്ള പൂർണ്ണ വെളിപ്പാട്

## ശ്യാരി സിംഹ്മ്ടൺ

ഏതാണ്ടു ഇരുനൂറു വർഷങ്ങൾക്കു മുൻപ് ഉടലെടുത്ത ഒരു കൂട്ടം പ്രത്യേകമായ ഒരു വെളിപ്പാടോടു കൂടിയാണ് രൂപപ്പെട്ടത്. ദൈവത്തിൽ നിന്നു അവർക്കു ഒരു ദൂത് വെളിപ്പെട്ടു കിട്ടി എന്നായിരുന്നു അവരുടെ അവകാശ വാദം. തന്നെയുമല്ല ആ ദൂത് ലോകത്തോട് അറിയിക്കാനുള്ള ഒരു കടപ്പാടും അവർക്കുണ്ട് എന്നതായിരുന്നു അവരുടെ വാദം. പക്ഷെ ഏതാനും വർഷങ്ങൾക്കു ശേഷം ആ കൂട്ടം തന്നെ ഇല്ലാതായി. ഇതുപോലുള്ള സന്ദേശവുമായി ആളുകൾ രംഗത്തു വരുമ്പോൾ അതിൽ ആകൃഷ്ടരാകുന്നവർ കുറെ പേർ ഉണ്ട്. എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു? ദൈവത്തിൽ നിന്നു മനുഷ്യർക്കു കിട്ടിയിട്ടുള്ള ഏക സത്യ വെളിപ്പാടാണ് ബൈബിൾ. പക്ഷെ അത് പൂർണ്ണമാണെന്നും അവസാനത്തേതുമാണെന്നും ഉള്ള അറിവ് പലർക്കും ഇല്ല. മനുഷ്യവർഗ്ഗത്തിന്റെ വിശ്വാസ ജീവിതത്തിനു ആവശ്യമുള്ളതെല്ലാം ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. അത് അറിവില്ലാത്തവർ മററു പലതിലേക്കും അവരുടെ വിശ്വാസം വ്യതിചലിപ്പിക്കും. നിയമലംഘനം മൂലം ദൈവത്തിൽ നിന്നു അകന്നു പോയ മനുഷ്യർക്കു രക്ഷ ലഭിക്കുവാൻ അവർ എന്തു ചെയ്യണമെന്ന് ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്.

ദൈവത്താൽ അവസാനമായി ലഭിച്ച സന്ദേശമാണ് പുതിയ നിയമം. അതിനു ശേഷം മറെറാരു വെളിപ്പാട് ലഭിക്കുമെന്ന യാതൊരു സൂചനയും അതിൽ ഇല്ല. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച്

തികഞ്ഞവൻ ആകേണ്ടതിനും ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു (2തിമൊഥെയോസ് 3:16-17). മനുഷ്യന്റെ സകല ആത്മീയ ആവശ്യങ്ങളും പുതിയ നിയമ വചനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പത്രൊസ് രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ അരുളപ്പാടിനാലാണ് സകല മനുഷ്യരെയും വിളിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നത്. അതിനുള്ള എല്ലാം സജ്ജമാക്കിയിരിക്കുന്നതു കൊണ്ടാണ് നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ എന്നു പറഞ്ഞിരിക്കുന്നത് (2പത്രൊസ് 1:3,4,10).

ദൈവശ്വാസീയനായിരുന്ന യോഹന്നാൻ ഈ വെളിപ്പാടിനെ കുറിച്ചു പറഞ്ഞിട്ടുണ്ട്. യേശുവിന്റെ അത്ഭുതങ്ങളും അടയാളങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത് വെറുതെയല്ല. മനുഷ്യർ അത് വിശ്വസിക്കേണ്ടതിനും തന്മൂലം നിത്യജീവൻ ലഭിക്കേണ്ടതിനും അത്രെ (യോഹന്നാൻ 20:30-31). അപ്പൊസ്തലന്മാർ അറിയിച്ചതിനു വിപരീതമായി മറെറാരു സുവിശേഷം ആരെങ്കിലും അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ ആകും എന്നു പൌലൊസ് വ്യക്തമാക്കിയിട്ടുണ്ട് (ഗലാത്യർ 1:6-9). സഹോദരന്മാരേ നിങ്ങൾ വിശ്വാസത്തിൽ നില നില്പിൻ, ഉറപ്പുള്ളവരും കുലുങ്ങാത്തവരും ആയിരിപ്പിൻ എന്ന് കൊരിന്ത്യർക്ക് പൌലൊസ് ലേഖനം എഴുതുമ്പോൾ പറയുന്നുണ്ട്. ഈ വേദഭാഗങ്ങൾ എല്ലാം വിരൽ ചൂണ്ടുന്നത് അപ്പൊസ്തലന്മാർക്കു കിട്ടിയ വെളിപ്പാട് തികഞ്ഞ ഒന്നാണ് എന്നത്രെ. അതുകൊണ്ട് മറെറാരു വെളിപ്പാടിന്റെ ആവശ്യം ഉദിക്കുന്നില്ല. പൌലൊസ് തിമൊഥെയോസിനെ മുന്നറിയിക്കുന്നതും മുഖ്യമായ ഒന്നാണ്.

(ശേഷം അടുത്ത ലക്കത്തിൽ)

# ക്രിസ്തുവിലുള്ള ഐക്യത

## ഫ്രാൻസിസ് ഡേവിഡ്

ഐക്യതക്കു വളരെയധികം പ്രാധാന്യം ഉണ്ട്. മതപരമായി മിക്കവാറും എല്ലാവരും ഐക്യതയെ അനുകൂലിക്കുന്നവരാണ്. ക്രിസ്തീയ ഗോളത്തിൽ അനൈക്യം കൊടികുത്തി വാഴുകയാണ്. ക്രിസ്തുവിന്റെ പേരിലും അല്ലാതെയും ക്രിസ്തുവുമായി ബന്ധപ്പെട്ടു കിടക്കുന്ന എണ്ണമററ ഗ്രൂപ്പുകൾ നമുക്കു ചുററും കാണാം. അങ്ങനെയിരിക്കെ ഇവർക്കെല്ലാവർക്കും ഒന്നാകുവാൻ സാധിക്കുമോ? ഐക്യത സാദ്ധ്യമാകണമെങ്കിൽ എല്ലാവരും അതിനു തയ്യാറാവണം. മതാദ്ധ്യക്ഷന്മാർക്കു യോജിക്കണം എന്ന ആശയത്തോട് താല്പര്യമുണ്ട്. പക്ഷെ അവരുടെ സ്ഥാപിത താല്പര്യങ്ങൾ ഉപേക്ഷിക്കാൻ വയ്യ. മാനുഷിക ഉപദേശങ്ങളും പാരമ്പര്യങ്ങളും വിട്ടു കളയാൻ മടിക്കുന്നവർക്ക് ഐക്യത വിദൂരത്തിൽ തന്നെയാണ്. വിയോജിപ്പ് നിലനിർത്തിക്കൊണ്ടു യോജിപ്പുണ്ടാക്കാൻ ശ്രമിക്കുന്നത് പാഴ്‌വേലയാണ്. അവർ എല്ലാവരും ക്രിസ്തുവിന്റെ അനുഗാമികൾ എന്നു അവകാശപ്പെടുകയും ഓരോരുത്തരും അവരവരുടെ കൂട്ടത്തിന്റെ തിരിച്ചറിയാവുന്ന അടയാളത്തിൽ നില്ക്കുവാൻ ആഗ്രഹിക്കയും ചെയ്യുന്നു.

നാം ചുററുപാടും ഒന്നു കണ്ണോടിച്ചാൽ ലോകത്തിൽ ധാരാളം സഭകളും ഉപദേശങ്ങളും വിശ്വാസങ്ങളും ഉള്ളതായി കാണാം. ക്രിസ്ത്യാനിത്വത്തിൽ ഈ ഭിന്നത വളരെ ഖേദകരവും ലജ്ജാകരവുമാണ്. യേശു ഈ ഭൂമിയിൽ അനുഷ്ഠിച്ച പ്രവർത്തികൾക്കു ലോകത്തിലുള്ള ആളുകൾ മൂല്യം കല്പിക്കേണ്ടതിനു വിശ്വസിക്കുന്നവർ എല്ലാവരും ഒന്നായിരിക്കണം. യേശു തന്റെ അവസാന പ്രാർത്ഥനയിൽ അപേക്ഷിക്കുന്നത് അതു തന്നെയാണ്. തന്റെ ശി

ഷ്യന്മാരായി തീർന്നവർക്കു വേണ്ടി അവൻ ആദ്യം പ്രാർത്ഥിച്ചിട്ട്, പിന്നീട് അവനിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്. ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ (യോഹന്നാൻ 17:20-21). എല്ലാ നാമധേയ വിഭാഗങ്ങളും ഒന്നല്ല എന്നു നമുക്ക് അറിയാം. ക്രിസ്തുവിന്റെ വചനങ്ങൾ അപ്പൊസ്തലന്മാർക്കു കൊടുത്തു. അവർ അത് ലോകത്തിലുള്ള സകല ജനത്തോടും അറിയിച്ചു. അങ്ങനെ അവരുടെ ഉപദേശം കേട്ടു ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എല്ലാവരും ഒന്നായി കാണുവാൻ കർത്താവ് ആഗ്രഹിക്കുന്നു. അതാണ് ദൈവേഷ്ടം.

ആഘോഷങ്ങളും ആചാരങ്ങളും ഐക്യത്തിന്റെ പേരിൽ നടത്തുന്നവരുണ്ട്. ഐക്യ കൺവെൻഷൻ പോലും നടത്തുന്നവരുണ്ട്. എന്താണ് അവരുടെ ഉദ്ദേശം? അവർ വാസ്തവത്തിൽ പ്രായോഗിക യോജിപ്പിലാണോ എത്തിനില്ക്കുന്നത്? അല്ല എന്നതാണ് ഉത്തരം. കാരണം അവർ പൊതുവേദികളിൽ ഒരുമിച്ചു പ്രസംഗിക്കുന്നു എങ്കിലും അവരുടെ പ്രവർത്തികൾ പിന്നീട് തെളിയിക്കുന്നത് അനൈക്യമാണ്. ബാഹ്യമായ ഒന്നല്ല യോജിപ്പ്. എല്ലാ കാര്യത്തിലും പ്രവൃത്തിയിലും യോജിക്കാൻ കഴിയണം. മാനുഷിക സിദ്ധാന്തങ്ങളെയും ആശയങ്ങളെയും മുറുകെ പിടിച്ചാൽ സാദ്ധ്യമല്ല. വചനാടിസ്ഥാനത്തിലാണ് ഐക്യത യാഥാർത്ഥ്യമാക്കാൻ പറ്റുകയുള്ളു. ദൈവവചനത്തിൽ പറഞ്ഞിട്ടുള്ളത് മാത്രം സ്വീകരിക്കയും മറ്റുള്ളത് ത്യജിക്കയും ചെയ്യുക. തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും വിശ്വസിക്കയും അനുസരിക്കയും വേണം. മററുള്ളതൊന്നും വിശ്വസിക്കയോ അ

നുസരിക്കയോ ചെയ്യാതിരിക്കണം. ചുരുക്കി പറഞ്ഞാൽ സ്വന്ത വഴികളിൽ ഊന്നി നില്ക്കാതെ ദൈവ വഴിയിൽ സഞ്ചരിക്കുവാനുള്ള നീതിബോധം വളർത്തണം.

ലോകത്തിലുള്ള, ക്രിസ്തുവിനെ പിൻപറ്റുന്നവർ ക്രിസ്തുവിനെ സ്നേഹിക്കുന്നു എന്നാണല്ലോ അവകാശപ്പെടുന്നത്. എന്നാൽ അവർ ക്രിസ്തു പറയുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ടോ? ക്രിസ്തുവിനെ സ്നേഹിക്കുന്നു എന്നു പറയുകയും അവൻെറ കല്പനകളെ തള്ളി കളയുകയും ചെയ്യുന്നത് നീതീകരിക്കാവുന്നതല്ല (യോഹന്നാൻ 14:15). ക്രിസ്തുവിനെ സേവിക്കേണ്ടവരാണല്ലോ അവൻെറ അനുയായികൾ. എങ്ങനെയാണ് ഇവരെല്ലാം കർത്താവിൻെറ വേല ചെയ്യുന്നത്? കർത്താവ് പറഞ്ഞിട്ടുള്ള രീതി മാററി നിർത്തി തങ്ങളുടെ സമുദായത്തിനു യാതൊരു ദോഷവും സംഭവിക്കാത്ത രീതിയിൽ ആണ് അവർ പ്രവർത്തിക്കുന്നത്. കർത്താവിൻെറ ഉപദേശമാണ് എല്ലാവരേയും പഠിപ്പിക്കേണ്ടത് (മത്തായി 28:19-20). അതിനു പകരം മററെന്തു പഠിപ്പിച്ചാലും അത് ദൈവീകമാകയില്ല. എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെടണം എന്നു വചനത്തിൽ പറയുന്നു. പക്ഷം പിടിച്ചുള്ള സംസാരം കൊരിന്തിൽ ആരംഭിച്ചപ്പോൾ തന്നെ അപ്പൊസ്തലനായ പൌലൊസ് അതിനെ ഖണ്ഡിക്കുന്നുണ്ട്. ''സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു'' (1 കൊരിന്ത്യർ 1:10). ദൈവം വെറുക്കുന്ന ഒന്നാണ് വഴക്ക്. സ്നേഹം ഉണ്ടെങ്കിൽ അതൊഴിവാക്കാം. ദൈവത്തെ പ്രസാദിപ്പിക്കാൻ ആഗ്രഹിക്കുന്നവർ അവൻെറ ഇഷ്ടം ചെയ്‌വാൻ എന്തു വിട്ടുവീഴ്ച്ചക്കും തയ്യാറാകും.

വിശ്വാസത്തിൽ ആണെന്നു പറയുകയും വിശ്വാസ

ത്തിനു വിരുദ്ധമായി പ്രവർത്തിക്കയും ചെയ്യുന്ന ജീവിതരീതി മാററിയാൽ മാത്രമെ ദൈവത്തോട് യോജിക്കാൻ പററു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും തന്നിൽ യോജിപ്പിക്കുകയാണ് യേശു ചെയ്തത്. ആ യേശുവിന്റെ പേരിൽ ആളുകൾ ഭിന്നിപ്പ് ഉണ്ടാക്കി ദൈവത്തിനു അപമാനം വരുത്തിയിരിക്കയാണ്. ഭിന്നത സാധാരണ ജഡിക മനുഷ്യരുടെ സ്വഭാവമാണ്. ഏതു രാജ്യമായാലും, സമൂഹമായാലും, കുടുംബമായാലും ശരി ഛിന്നിച്ചാൽ അതിനു നില നില്പില്ല (മത്തായി 12:24-26). കർത്താവിനു ഒരേ ഒരു രാജ്യം ആണുള്ളത്. ആ രാജ്യം അവന്റെ സഭയാണ്. കർത്താവിനു ഏക സഭയാണുള്ളത് (എഫെസ്യർ 4:4-5). സഭയ്ക്കു വേണ്ടി രക്തം കൊടുത്തത് കർത്താവാണ് (പ്രവൃത്തി 20:28). ഏതാണ്ട് A.D. 33-ൽ യെരുശലേമിൽ സഭ ആരംഭിച്ചു. ദൈവ വാഗ്ദാനമനുസരിച്ച് സ്ഥാപിതമായതാണ് ക്രിസ്തുവിന്റെ സഭ. ക്രിസ്തുവിന്റെ ഉയിർപ്പിനു ശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു നാളിൽ ആണ് സഭ നിലവിൽ വന്നത്.

രക്ഷിക്കപ്പെടുന്നവരെയാണ് കർത്താവ് തന്റെ സഭയിലേക്കു ചേർക്കുന്നത് (പ്രവൃത്തി 2:47). കർത്താവ് സ്ഥാപിച്ചിട്ടുള്ള ഉപദേശങ്ങളെ അനുസരിച്ച് ശിഷ്യന്മാരായി തീരുന്നവർ ആണ് ക്രിസ്ത്യാനികൾ (പ്രവൃത്തി 20:26). ക്രിസ്ത്യാനികൾ എന്നു പേരിട്ടതു കൊണ്ടായില്ല. അതു കൊണ്ട് അവരെ ദൈവം അംഗീകരിക്കയില്ല. ബൈബിളും അവരുടെ സഹായിയായി എടുക്കണം. നാം ധരിക്കുന്ന നാമത്തിന്റെ വില കണക്കാക്കണം. ഒന്നാം നൂററാണ്ടിൽ അപ്പോസ്തലന്മാരും പ്രാഥമിക ക്രിസ്ത്യാനികളും ഒന്നു തന്നെ സംസാരിച്ചിരുന്നു. (1 കൊരിന്ത്യർ 4:17). പുരാതന കാലത്തും ആധുനിക കാലത്തും യോജിപ്പിന്റെ ആവശ്യകതക്കു വ്യത്യാസം ഇല്ല.

★

# ക്രിസ്തു മരിച്ചതു വെറുതെയോ?

## ജോണി രാംസെ

ലോകത്തിൽ ധാരാളം തത്വചിന്തകന്മാരും പണ്ഡിതന്മാരും ഉണ്ടായിരുന്നു. ദൈവത്തെ വിശ്വസിച്ചിരുന്നവരും വിശ്വസിക്കാത്തവരും അതിൽ ഉൾപ്പെട്ടിരുന്നു. ചരിത്രം പോലും സമ്മതിക്കുന്ന ഒന്നായിരുന്നു ക്രിസ്തുവിൻെറ ജനനവും ജീവിതവും എല്ലാം. എന്നാൽ അവൻെറ മരണം ഒരു പ്രത്യേക ഉദ്ദേശത്തിനു വേണ്ടിയായിരുന്നു എന്നു മതപരമായിട്ടുള്ളവർക്ക് അറിയാം. പാപികളോടു കൂടെ പാപമെന്തെന്നറിയാത്ത യേശുവിനെ ക്രൂശിൽ തറച്ചു കൊന്നു. അതും ലോകത്തിൻെറ മുഴുവൻ പാപത്തിനായിട്ടാണ് അവൻ അത് സ്വയം സ്വീകരിച്ചത്. അതോടെ അവസാനിക്കുമെന്നു കരുതിയവർക്കു തെററു പററി. അവൻെറ മരണം മററു പലതിൻേറയും ആരംഭമായി മാറുകയാണ് ചെയ്തത്. പാപം ചെയ്യുന്നവരെ ശിക്ഷിക്കുക എന്നതു ലോകത്തിൽ എവിടെയും നിയമമാണ്. ദൈവത്തിൻെറ നീതിയുള്ള നിയമമാണത്. നിരന്തര പാപത്തിൽ മുഴുകി ജീവിക്കുന്ന മനുഷ്യൻെറ നിത്യശിക്ഷ ഒഴിവാക്കുവാൻ വിശുദ്ധമായ ഒരു യാഗം ആവശ്യമായിരുന്നു. ആ യാഗത്തിൻെറ ഗുണം ശരിയായി മനസിലാക്കുകയും അനുഭവിക്കയും ചെയ്യുന്നവർ കുറച്ചു മാത്രം.

ഗലാത്യർക്കു പൌലൊസ് ലേഖനമെഴുതുമ്പോഴും യെഹൂദ മതാനുകാരികം നിലനിന്നിരുന്ന സമയമായിരുന്നു. ക്രിസ്ത്യാനിത്വം നിലവിൽ വന്നിട്ടും അതിനു മുൻപുണ്ടായിരുന്ന ഒരു പ്രത്യേക ജനതക്കു വേണ്ടി കൊടുത്തിരുന്ന നിയമത്തെ വീണ്ടും അനുസരിക്കുന്നതിൻെറ യുക്തി എന്തെന്ന് തിരിച്ചറിയാത്തവരായിരുന്നു അവർ. കാൽവരിയിലെ ക്രൂശിൽ മരിച്ച യേശുവിലേ എനിക്കു പ്ര

ശംസിപ്പാൻ ഉള്ളൂ എന്ന് അപ്പൊസ്തലൻ പറയുകയുണ്ടായി, "ദൈവ കൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം താഴ്ന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ടു അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു" (എബ്രായർ 2:9). നഷ്ടപ്പെട്ടു മരിച്ചുകൊണ്ടിരുന്ന ലോകത്തിനു പ്രത്യാശയുടെ കിരണങ്ങൾ നല്കിയത് ഈ മഹത്തായ സംഭവമായിരുന്നു. ക്രിസ്തുവിന്റെ മരണം ദുഃഖകരമായ ഒന്നായിരുന്നെങ്കിലും അതിന്റെ ഗുണഭോക്താക്കൾക്കു സന്തോഷകരമായി മാറുന്നു. പാപത്തിൽ മുങ്ങി കിടക്കുന്ന മനുഷ്യരെ വീണ്ടെടുക്കുവാൻ പര്യാപ്തമായ ഒരു വില, മനുഷ്യപുത്രന്റെ മരണത്താൽ അവൻ നല്കി. ചരിത്രത്തിലെ സുപ്രധാനമായ ഒരു സന്ദർഭമായിരുന്നു അത്.

ഇന്നും പഴയ നിയമത്തിൽ പറഞ്ഞിട്ടുള്ള ഏതാനും കാര്യങ്ങളെ മുറുകെ പിടിക്കുന്നവരുണ്ട്. ക്രിസ്തുവിന്റെ മരണം വരെ നില നിന്നിരുന്ന പ്രമാണങ്ങളെ ആ കാലയളവിനു ശേഷവും പിന്തുടരുന്നതിന്റെ അനൗചിത്യം അവർ മനസിലാക്കുന്നില്ല. വചനത്തിൽ പറഞ്ഞിട്ടുള്ള നിയമത്തിന്റെ കാലയളവും, പ്രസക്തിയും എപ്പോൾ വരെയാണ് എന്നു മുന്നറിയിച്ചിട്ടുള്ളതിനെ അവർ കാണുന്നില്ല. വേദഭാഗങ്ങളെ മുഴുവൻ അവർ ആരായുന്നില്ല എന്നതാണ് പരമാർത്ഥം. ക്രിസ്തുവിന്റെ രക്തത്താൽ മുദ്രയിട്ട് ഉറപ്പിച്ചതായ പുതിയ നിയമമാണ് ഇന്നു ഏതൊരാളെയും ബാധിക്കുന്നതെന്നും അത് മാത്രമാണ് എല്ലാവരും ഇന്നു അനുസരിക്കേണ്ടതെന്നും തെളിയിക്കുന്ന അഞ്ചു കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ഞാൻ ഈ ലേഖനത്തിൽ വെളിപ്പെടുത്തുന്നു (എബ്രായർ 10:9-10; മത്തായി 26:28; എബ്രായർ 13:20; റോമർ 7:4-7; 2കൊരിന്ത്യർ 3-ാം അദ്ധ്യായം). ഈ വേദഭാഗങ്ങൾ അവകാശപ്പെടുന്നതെന്തെന്നാൽ യേശു മരിച്ചതു ഒന്നാമത്തെ നിയമത്തെ നീക്കി രണ്ടാമ

ത്തെതു സ്ഥാപിക്കുന്നതിനു വേണ്ടിയായിരുന്നു എന്നതാണ്. പുതിയ നിയമം നിത്യ നിയമമാണ്. സീനായ് പർവ്വതത്തിൽ വെച്ച് നമ്മുടെ പിതാക്കന്മാർക്കു നല്കിയ ന്യായപ്രമാണം സംബന്ധിച്ച് നാം മരിച്ചവരാണ്. നമ്മൾ ഇന്ന് ഉത്തരം പറയേണ്ടത് പുതിയ നിയമമനുസരിച്ചാണ്. അതിനർത്ഥം പഴയനിയമ വാക്യങ്ങൾ നാം ഉദ്ധരിക്കരുത് എന്നല്ല (റോമർ 15:4). മഹത്തായ, ശ്രേഷ്ഠമായ ഒരു നിയമം തന്നശേഷം ശ്രേഷ്ഠത കുറഞ്ഞ നിയമത്തിലെ കല്പനകൾ നാം പാലിക്കയാണെങ്കിൽ പുതിയ നിയമത്തെ നാം ദുർബ്ബലമാക്കുന്നു എന്നു വരും.

നമ്മുടെ മനോഭാവത്തെയും ലക്ഷ്യത്തെയും ബന്ധപ്പെടുത്തി തന്നിട്ടുള്ള ഉത്തമമായ വ്യവസ്ഥയാണ് പുതിയനിയമത്തിൽ ഉള്ളത്. സുവിശേഷ വചനങ്ങളാണ് മനുഷ്യരെ രക്ഷിക്കുന്നതിനുള്ളത്. ഇതേ സുവിശേഷം അല്ലെങ്കിൽ ക്രിസ്തുവിന്റെ വചനമാണ് അന്ത്യനാളിൽ നമ്മെ ന്യായം വിധിക്കുന്നത് (റോമർ 2:16; യോഹന്നാൻ 12:48). അല്ലാതെ നമ്മെ മോശയുടെ ന്യായപ്രമാണ പ്രകാരമോ, ദാവീദിന്റെയോ അബ്രഹാമിന്റെയോ കല്പനകൾ അനുസരിച്ചല്ല ന്യായം വിധിക്കുന്നത്. നിലവിലില്ലാത്ത നിയമം വെച്ചുകൊണ്ടു ആരെയും വിധിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുന്നതല്ല. അങ്ങനെ ചെയ്താൽ അത് അനീതിയാകും. അതുകൊണ്ട് നിലനില്ക്കുന്ന നിയമാവലികളാണ് ഏതൊരാൾക്കും പ്രാമുഖ്യമേറിയത്. കഴിഞ്ഞുപോയ നിയമത്തിലെ ഏതെങ്കിലും ഒന്ന് എടുത്തു നമുക്ക് നീതീകരിക്കപ്പെടാൻ സാദ്ധ്യമല്ല. ക്രിസ്തുവിന്റെ നിയമത്തെ അതിന്റെ ഗൗരവത്തോടെ നാം സ്വീകരിക്കണം.

ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ നീതീകരിക്കപ്പെടാമെന്നോ സ്വന്ത അദ്ധ്വാനം കൊണ്ടു സ്വർഗ്ഗത്തിൽ പോകാമെന്നോ ആരെങ്കിലും കരുതിയാൽ ക്രിസ്തുവിന്റെ മരണം വെറുതെയായിരുന്നു എന്ന് അനുമാനിക്കയാ

ണ് (ഗലാത്യർ 1:4). അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം കിട്ടി എന്നു പത്രോസ് പറഞ്ഞിരിക്കുന്നു (1 പത്രോസ് 2:25). കരുണയുടേയും കൃപയുടേയും വഴിയാണ് മഹത്വത്തിലേക്കുള്ള വഴി (പ്രവൃത്തി 20:24; തീത്തോസ് 3:5-7). നമ്മുടെ തോന്നലുകൾ അനുസരിച്ചല്ല; പിന്നെയോ ദൈവത്തിന്റെ സിംഹാസനത്തിൽ നിന്നാണ് ക്ഷമയും വിശുദ്ധീകരണവും ഉത്ഭവിക്കുന്നത് (യിരമ്യാവ് 10:23). പിതാവു തന്റെ പുത്രനെ ലോകത്തിലേക്കു അയച്ചത് ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷ പ്രാപിക്കേണ്ടതിനത്രെ (യോഹന്നാൻ 3:17; 1യോഹന്നാൻ 4:14). തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങൾ വഹിച്ചു മരിച്ച് ഉയിർത്തെഴുന്നേററു നമുക്കു വേണ്ടി നിയമങ്ങൾ നല്കി പക്ഷവാദത്തിനു കാത്തിരിക്കുന്ന രക്ഷകന്റെ കല്പനകൾ അനുസരിക്കുന്നതിനു എന്താണിത്ര സങ്കോചം? (1പത്രോസ് 2:24). ആത്മാർത്ഥതയോടെ വചനം അനുസരിക്കുന്നവർ ആനന്ദം അനുഭവിക്കും. അവർ ക്രിസ്തുവിന്റെ മരണത്തെ വെറുതെയായി കാണുന്നില്ല (യോഹന്നാൻ 15:13-14; 1യോഹന്നാൻ 2:4; എബ്രായർ 5:9; വെളിപ്പാട് 22;14).

ദൈവേഷ്ടത്തെ മാനിക്കാതെ അവനെ തള്ളിക്കളയുന്നവരും ക്രിസ്ത്യാനികളായി തീർന്നവർ അന്യോന്യം ആക്രമിക്കുന്നവരും ക്രിസ്തുവിന്റെ മരണത്തെ വ്യർത്ഥമാക്കുന്നു. അവർ ക്രിസ്തുവിന്റെ ഹൃദയത്തെ വ്രണപ്പെടുത്തുന്നു. അവർ ക്രിസ്തുവിന്റെ പ്രാർത്ഥനക്കു വിരുദ്ധമായി പ്രവർത്തിക്കയാണ് (യോഹന്നാൻ 17:20-21). ലോകത്തിലുള്ളവർ സാത്താനു കീഴിലാണെന്നു നമുക്കു നിസംശയം പറയാം. എന്നാൽ ക്രിസ്ത്യാനികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നവർ പിശാചിനു പ്രവർത്തിക്കാൻ ഇടം കൊടുക്കുന്നവരാണ്.

# നഷ്ടപ്പെട്ടവരുടെ കുററബോധം

നീൽ പോളാർഡ്

ബോധവും അറിവും ഉള്ളത് രക്ഷിക്കപ്പെടുന്നവർക്കു മാത്രമല്ല, അല്ലാത്തവർക്കും ഉണ്ടെന്നുള്ളതു വ്യക്തമാണ്. നഷ്ടപ്പെടുന്നവർക്കും പാപബോധം ഉണ്ട്. ശക്തമായ വിശ്വാസത്തിനുടമയായ മനസ്സുള്ളവരുണ്ട്, ബലഹീനമായ ലോല മനസ്സിനുടമയായിട്ടുള്ളവർ ഉണ്ട്. നഷ്ടപ്പെട്ടവരുടെ ഹൃദയത്തിൽ അവർ തീരുമാനിച്ചുറപ്പിച്ചതിന്റെ ഫലമാണ് അവർ അനുഭവിക്കാനിരിക്കുന്നത്. ബൈബിളിൽ നാം പരിശോധിച്ചാൽ പാപത്തിന്റെ അഗാധതയിൽ കഴിയുന്ന ഒരാളിലും അവന്റെ ഹൃദയ വിചാരങ്ങളിൽ അവൻ ഊന്നൽ കൊടുത്തിരിക്കുന്നതായി മനസിലാക്കാം. നോഹയുടെ കാലത്തു ജീവിച്ചിരുന്ന ആളുകൾക്കിടയിലേക്ക് നാം ചെന്നാൽ അന്നത്തെ അവരുടെ ചിന്താഗതികൾ ഗ്രഹിക്കാൻ കഴിയും. ''ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരൂപണങ്ങളൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു'' (ഉല്പത്തി 6:5). ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്കകൊണ്ടു മനുഷ്യർ ദോഷം ചെയ്‌വാൻ ധൈര്യപ്പെടുന്നു (സഭാപ്രസംഗി 8:11).

നഷ്ടപ്പെട്ടവരുടെ ജീവിത ശൈലി കാണുമ്പോൾ നമുക്ക് വിസ്മയമല്ല ഉണ്ടാകുന്നതു. പിന്നെയോ, അറെപ്പും വെറുപ്പുമാണ്. യേശുവിനെ പിടിച്ചുകെട്ടി വിചാരണക്കും വിധിക്കുമായി പീലാത്തൊസിനു ഏല്പിച്ചു കൊടുത്തുകൊണ്ട് പീലാത്തൊസിനു ചുറ്റും നിന്നിരുന്ന മഹാപുരോഹിതന്മാർ, മൂപ്പന്മാർ, പ്രേരിപ്പിക്കപ്പെട്ട ആളുകൾ അവിടെയുണ്ടായിരുന്നു. അവർക്കു യേശുവിനോടു

പകയുണ്ടാകാൻ കാരണം അസൂയയായിരുന്നു. നിരപരാധിയായ യേശുവിനെ കുററം വിധിക്കുന്നത് കേൾക്കുവാൻ ശ്രമിച്ച ഈ ആളുകളോട് നമുക്ക് വെറുപ്പാണ് ഉണ്ടാകുന്നത്. അവരുടെ ഈ നിഷ്ഠൂര പ്രവൃത്തികളോട് നമുക്ക് അറപ്പാണ് ഉണ്ടാകുന്നത്. രക്ഷിപ്പാൻ വന്നവനെ ശിക്ഷിക്കാൻ ഏല്പിച്ചു കൊടുക്കുന്ന മനോഭാവം ആണ് കാണുന്നത്. എങ്ങനെയെങ്കിലും യേശുവിനെ നശിപ്പിക്കണം എന്നതായിരുന്നു അവരുടെ ലക്ഷ്യം. ജനങ്ങളുടെ അധികാരികൾ പരിഹസിക്കയും, കുടുക്കുകയും, പരീക്ഷിക്കയും നിരാശപ്പെടുത്തുകയും ആണ് ചെയ്തത്. പക്ഷെ അവർ എല്ലാം പരാജയപ്പെട്ടു. ഏതാണ്ടു മൂന്നര വർഷത്തോളം അവർ ഇത് തുടർച്ചയായി ചെയ്തുകൊണ്ടിരുന്നു. എന്നാൽ അവരിൽ കുററബോധം ഉണ്ടായിരുന്നു.

അങ്ങനെ യെഹൂദന്മാർ യേശുവിനോടു ചെയ്ത അകൃത്യങ്ങൾ ഒരർത്ഥത്തിൽ അവരുടെ പാപ പാനപാത്രം നിറഞ്ഞു കവിയുന്നതായി തെളിയുന്നു. അവരുടെ ഹൃദയം ഇരുണ്ടുപോയിരുന്നു. ദുഷ്പ്രവൃത്തികൾ നിമിത്തം അവരുടെ കാഴ്ചപ്പാട് പോലും മാറിയിരുന്നു. അവരുടെ പാപത്തെ മാററി നിർത്തിയാൽ നമുക്ക് അവരോട് ദയവു തോന്നും. അവൻ ദൈവ പുത്രനായിരുന്നു എന്നു ജനത്തിനു വിശ്വസിക്കാൻ കഴിഞ്ഞില്ല. അവസാനം യേശു സ്വയമായി മരണത്തിനു ഏല്പിച്ചു കൊടുത്തതായിരുന്നു. ഇല്ലെങ്കിൽ ആർക്കും അവനെ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. യേശുവിനെ ശിക്ഷെക്കു വിധിച്ചതു വാസ്തവത്തിൽ ലോകത്തിലെ മുഴുവൻ ജനങ്ങളുടേയും പാപമായിരുന്നു. അതിനു നമ്മുടെയും പാപങ്ങൾ കാരണമായിരുന്നു. മനുഷ്യർ അറിയേണ്ട പല തത്വങ്ങൾ അഥവാ ഗുണപാഠങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. മരണം എല്ലാവർക്കും ഉള്ളതാണ് എന്നു നമുക്ക് അറിയാം. പക്ഷെ ഏതൊന്നിനും ഒരു കാരണം പിന്നിലുണ്ട്.

ദൈവ പദ്ധതിയുടെ പൂർത്തീകരണം ഈ പ്രവർത്തിയിൽ നാം ദർശിക്കുന്നു. ലോകസ്ഥാപനത്തിനു മുൻപു തന്നെ ദൈവത്തിനു അറിയാമായിരുന്നു ഇത്. ദൈവനീതി നടപ്പാക്കാൻ മനുഷ്യർക്ക് കഴിയുകയില്ല എന്നതും പരമാർത്ഥം തന്നെ. അതുകൊണ്ട് ഈ യാഗം ദൈവത്തേയും മനുഷ്യരേയും തമ്മിൽ യോജിപ്പിക്കുന്ന ഒന്നായി തീർന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും തന്നിൽ നിരപ്പിക്കുന്ന സന്ദർഭമായിരുന്നു അത്. യേശുവിനല്ലാതെ അത് മററാർക്കും ചെയ്യുവാനു കഴിയുമായിരുന്നില്ല. നമുക്ക് അത് വിശദമായി ഒന്നു മനസിലാക്കാം.

## അവർ യോജിച്ചിരുന്നു (മത്തായി 27:22)

യേശുവിനെ പിടിച്ചു കൊണ്ടുവന്നവരോട് പീലാത്തോസ് ചോദിച്ചു, യേശുവിനെ എന്തു ചെയ്യണമെന്ന്. അതിനു അവനെ ക്രൂശിക്കേണം എന്നു എല്ലാവരും പറഞ്ഞു. ഇതിൽ ആരും ഭിന്നാഭിപ്രായം പറഞ്ഞതായി മത്തായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ റോമൻ നാടുവാഴിയെ തങ്ങളുടെ ഇച്ഛാനുസരണം പ്രവർത്തിക്കാൻ നിർബ്ബന്ധിക്കുകയും ചെയ്യുന്നു. ഒരു തിന്മ പ്രവർത്തിക്കുന്ന കാര്യത്തിൽ അവർ ഐക്യമത്യപ്പെട്ടു എന്നത് എത്ര ദുഃഖകരമായ കാര്യം! ഇന്നും അതുപോലെ നടക്കുന്നു. നിരപരാധിയായ ഒരാളെ ശിക്ഷിക്കുവാനായി യോജിച്ച് നില്ക്കുന്ന നിലപാട് എത്ര ക്രൂരമാണ്!

ശരിയായ നിലവാരത്തിൽ നീതിമാന്മാർ ഒന്നിക്കുമ്പോൾ അതെത്ര ശുഭകരമായ ഒന്നാണെന്ന് വ്യക്തമാകും. അത് നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെകുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം ശരീരത്തിന്റെ ആത്മീക വർദ്ധനവിനും ഉതകുന്നു (എഫെസ്യർ 4:12-

13). സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും മനോഹരവുമാകുന്നു (സങ്കീർത്തനങ്ങൾ 133:1). ഒന്നാം നൂററാണ്ടിലെ കർത്താവിന്റെ ശിഷ്യൻമാർ സഹോദര പ്രീതിയിൽ നില നിന്നിരുന്നു. പറഞ്ഞറിയിക്കാൻ പററാത്ത സന്തോഷത്തിലും ഹൃദയ പരമാർത്ഥതയിലും അവർ യോജിച്ചു നിന്നു. കർത്താവിനോടുള്ള പ്രതിബദ്ധത, സ്നേഹം, സമർപ്പണം, അനുസരണം എന്നിവ അവരിൽ കണ്ടിരുന്നു. സത്യത്തിനും ദൈവ നീതിക്കും വേണ്ടിയുള്ള അവരുടെ ഐക്യത്തിനു ശക്തിയുണ്ടായിരുന്നു.

## അവരുടെ തീരുമാനം അന്തിമമായിരുന്നു (മത്തായി 27:21-22)

നീണ്ട കമ്മിററി മീററിങ്ങോ ഒന്നും നടന്നിരുന്നില്ല. ഈ കാര്യത്തിൽ സുദീർഘമായ ചർച്ചകളും നടക്കുന്നില്ല. ധൃതഗതിയിൽ അവർ തീരുമാനങ്ങൾ എടുക്കുകയായിരുന്നു. ആരെയാണ് ജനത്തിനു വിട്ടു കൊടുക്കേണ്ടിയിരുന്നതെന്ന് പീലാത്തോസിനു അറിയാമായിരുന്നു. എങ്കിലും അവരുടെ ലക്ഷ്യം നേടുവാൻ അനുയോജ്യമായ തീരുമാനം അവർ തന്നെ എടുക്കുകയായിരുന്നു.

കർത്താവിന്റെ സഭയിൽ ധാരാളം പ്രവർത്തനങ്ങൾ തയ്യാറാക്കി ചെയ്യേണ്ടതാണ്. പലപ്പോഴും ആവേശത്തോടെ ചില കാര്യങ്ങൾ തീരുമാനിക്കും. പക്ഷെ അത് നടപ്പാക്കുന്നതിനിടയിൽ എവിടെയോ അത് മറഞ്ഞു പോകുന്നു. ഉത്തരവാദിത്വം ഏറെറടുത്തവർ തന്നെ അത് ചെയ്യാൻ മറന്നു പോകുന്നു. അതിനു പകരം അവർ ഏർപ്പെടുന്നത് മറെറന്തെങ്കിലും കാര്യങ്ങളിൽ ആയിരിക്കും.

★

# നല്ല ധൈര്യം ഉള്ളവരാകുക

**അലെൻ വെബ്സ്റ്റർ**

ക്രിസ്ത്യാനിത്വത്തിൽ ഭീരുത്വത്തിനു സ്ഥാനമില്ല. മനുഷ്യർ പല തരക്കാരാണ് എന്നു നാം പറയാറുണ്ട്. ഭയപ്പെടുന്നവരും, ബലമുള്ളവരും ബലഹീനരും ആയവർ സമൂഹത്തിൽ ഉണ്ട്. ധൈര്യത്തിൻെറ കാര്യത്തിലും അതു പോലെയാണ്. സന്ദർഭോചിതമായി ധൈര്യം പ്രദർശിപ്പിക്കുന്നവരുണ്ട്. ഭൗതികമായ കാര്യങ്ങളിലുള്ള ധൈര്യത്തെ കുറിച്ചല്ല, മറിച്ച് ആത്മീക കാര്യങ്ങളിലുള്ള ധൈര്യമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്. വിശ്വാസത്തിനുവേണ്ടി, വിശ്വാസത്തിൽ നില നില്ക്കുന്നതിന് ധൈര്യം ആവശ്യമാണ്. കാരണം പരിശോധനകൾ നമുക്കു നേരിടേണ്ടി വരും. വിശ്വാസ ജീവിതത്തിൽ പരീക്ഷണങ്ങൾ നേരിടുമ്പോഴാണ് ഈ സ്വഭാവം ആവശ്യമായിരിക്കുന്നത്. ശക്തമായ മനസ് രോഗത്തെ അതിജീവിക്കാൻ സഹായകരമായി തീരുന്നു. വചനപ്രകാരമുള്ള ക്രിസ്തീയ ജീവിതം തുടരുവാൻ പലപ്പോഴും നമുക്ക് ധൈര്യമുണ്ടാകണം. ഭയപ്പെടുന്നവൻ പരാജിതനാകും.

അപകടങ്ങളിൽ പെട്ടു ജീവരക്ഷക്കായി നിലവിളിക്കുന്നവരുടെ കരച്ചിൽ കേട്ട് സ്വന്ത ജീവനെ പോലും കണക്കിലെടുക്കാതെ അവരെ രക്ഷിക്കുന്നവരെ കുറിച്ച് നാം പത്രങ്ങളിൽ വായിക്കാറുണ്ട്. ഒരു വിഷമസന്ധി പരിഹരിക്കാൻ ഒരാളാൽ കഴിയാതെ വരുമ്പോൾ അതിൽ നിന്നു ആ വ്യക്തിയെ മോചിപ്പിക്കുവാൻ മററാരുടെ ധൈര്യം കാരണമാകുന്നു. എന്നാൽ അതിൽ നിന്നും വ്യത്യസ്ഥമായ ഒന്നാണ് ക്രിസ്തീയ ജീവിതം. സ്വന്തം ആത്മാവിനെതിരായി വരുന്ന ആക്രമണത്തെ നേരിടുവാൻ ധൈര്യമില്ലാതെ പോയാൽ നഷ്ടം തനിക്കു തന്നെയാണ്. മതി

യായ ആത്മധൈര്യം ഇല്ലാതെ വന്നാൽ പോരാളി ജയിക്കും എന്നോർക്കുക. പിന്നീട് നിരാശപ്പെടാതിരിക്കാൻ മുൻകരുതൽ ആവശ്യമാണ്. ഒരു സൈന്യത്തിന്റെ മുൻ നിരയിൽ നിന്നു പോരാടാൻ സ്വമേധയാ തയ്യാറുള്ളവർ എത്ര പേർ ഉണ്ട് എന്നു സൈന്യാധിപൻ പരിശോധിച്ചപ്പോൾ ആരെയും കാണാതെ നിരാശനായി. ചിലപ്പോൾ സ്വയമായി തീരുമാനം എടുക്കേണ്ടി വരും. അതിൽ നിന്നു ഒഴിഞ്ഞുമാറുക അല്ല നേരിടുകയാണ് വേണ്ടത്.

## ബൈബിളിലെ ഭയത്തെക്കുറിച്ച് പുനരവലോകനം

മനുഷ്യൻ എന്നും ഭയപ്പെടുന്ന ഒരു സൃഷ്ടിയായി മാറിയത് എങ്ങനെ എന്നു നമുക്കു പരിശോധിക്കാം. ഏദെൻ തോട്ടത്തിൽ ദൈവത്തോടുകൂടെ വസിച്ചിരുന്ന ദൈവമക്കളായിരുന്ന ആദാമും ഹവ്വയും ദൈവം വിലക്കിയ കാര്യം ചെയ്തു. തൻ നിമിത്തം അവർക്കുള്ളിൽ ഭയം കടന്നു വന്നു. അതുകൊണ്ട് അവർ ദൈവത്തിൽ നിന്നും ഓടി ഒളിച്ചിരുന്നു (ഉല്പത്തി 3:8). ദൈവം അബ്രാഹമിനോടു ഭയപ്പെടേണ്ടാ എന്നു അരുളിച്ചെയ്കയുണ്ടായി (ഉല്പത്തി 15:1). ഇസ്രായേൽ ജനം സീനായ് മലയിൽ വെച്ച് ദൈവ ശബ്ദം കേട്ടപ്പോൾ അവർക്കു ഭയമുണ്ടായി (പുറപ്പാട് 19:16) കനാൻ ദേശം ഒററു നോക്കേണ്ടതിനു അയച്ച ഒററുകാർ ഇസ്രായേൽ ജനത്തിനു ഭയമാണ് ഉണ്ടാക്കിയത് (സംഖ്യാപുസ്തകം 13:1-16). ഗിദെയോന്റെ കാലത്തു ഭീരുത്വവും ഭയവുമുള്ളവരുടെ സംഖ്യ പോലും എടുത്തു പറയുന്നുണ്ട് (ന്യായാധിപന്മാർ 7:3). ഇസ്രായേൽ സൈന്യം ഫെലിസ്ത്യരെ ഭയപ്പെടുന്നതായി നാം വായിക്കുന്നുണ്ട് (1ശമൂവേൽ 17:11). ശൗൽ രാജാവ് ദാവീദ് രാജാവിനെ ഭയപ്പെട്ടിരുന്നു (1ശമൂവേൽ 28:5). ഇയ്യോബിനും ഭയമുണ്ടായിരുന്നു. ദൈവമില്ലാതെ വളർന്നു വൃദ്ധനായ മനുഷ്യൻ എല്ലാററിനേയും ഭയപ്പെടുന്നു (സഭാപ്രസംഗി 12:5).

(ശേഷം അടുത്ത ലക്കത്തിൽ)

# ദൈവത്തിൽ നിന്ന് ഒരു പുസ്തകം

## ഗാരി· സി· എച്ച്.

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പഴയ നിയമത്തിലെ ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു അത് ദൈവികമായിരുന്നു എന്നും വിശ്വസനീയമാണെന്നും ഉറപ്പു വരുത്തിയിട്ടുണ്ട് (മത്തായി 4:4). പഴയ നിയമ നിവർത്തീകരണം എന്നത് ഉദ്ദേശമായിരുന്നു തന്റെ വരവിൽ യേശുക്രിസ്തുവിനുണ്ടായിരുന്നത് (മത്തായി 5:7-18). പഴയ നിയമ എഴുത്തുകാർ ദൈവശ്വാസീയരായിരുന്നു എന്നു പുതിയ നിയമ എഴുത്തുകാരും കാണുന്നുണ്ട് (പ്രവൃത്തി 1:15-16; 28:25-27; ഗലാത്യർ 3:16-19).

അപ്പൊസ്തലന്മാർ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടും എന്നു യേശു വാഗ്ദാനം ചെയ്തിരുന്നു (യോഹന്നാൻ 14:25-26; 16:12-13). പ്രാരംഭം മുതൽ യേശുക്രിസ്തുവിനോടുകൂടെ ഉണ്ടായിരുന്ന പത്രോസ് തന്റെ ലേഖനത്തിൽ ഏററവും ഒടുവിൽ തിരഞ്ഞെടുത്ത പൌലൊസിന്റെ ലേഖനത്തെപ്പററി പറയുന്നത്. അങ്ങനെ തന്നെ നമ്മുടെ പ്രിയ സഹോദരനായ പൌലൊസും തനിക്കു ലഭിച്ച ജ്ഞാനത്തിനു തക്കവണ്ണം നിങ്ങൾക്കും ഇതിനെക്കുറിച്ചു സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതീട്ടുണ്ടല്ലൊ. അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളതു ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരും ആയവർ ശേഷം തിരുവെഴുത്തുകളെപോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടി കളയുന്നു (2പത്രൊസ് 3:15-16).

ഈ ആന്തരിക അവകാശ വാദങ്ങൾ ചിലർ അവഗണി

ച്ചേക്കാം. അത് പരിശോധിക്കുവാനും ഉറപ്പു വരുത്തുവാനും മറ്റു തെളിവുകൾ ഉണ്ട് എന്നത് നമ്മുടെ വിശ്വാസത്തിനു മാററു കൂട്ടും. മനുഷ്യർ തിരിച്ചറിഞ്ഞ ശാസ്ത്രീയ സിദ്ധാന്തങ്ങൾ അതിനു എത്രയോ മുൻപ് തന്നെ ദൈവം അരുളിച്ചെയ്തിരുന്നതാണ്. ഇന്നു പ്രത്യുൽപാദനം നടത്തുന്ന പക്ഷിമൃഗാദികളും സസ്യങ്ങളും വൃക്ഷങ്ങളും എല്ലാം അതതിൻെറ ഫലങ്ങൾ മാത്രമാണ് പുറപ്പെടുവിക്കുന്നത്. അതിൻെറ കാരണം ദൈവം അവയെ അങ്ങനെ സൃഷ്ടിച്ചിരിക്കുന്നു എന്നതാണ് (ഉല്പത്തി 1:11, 12,21). മാംസത്തിൻെറ ജീവൻ രക്തത്തിലാണ് എന്ന വസ്തുത ലോകം തിരിച്ചറിഞ്ഞത് അത് പ്രസ്താവിച്ച് എത്രയോ വർഷം കഴിഞ്ഞിട്ടാണ്. ഭൂമി ഉരുണ്ടതാണെന്നു ശാസ്ത്രകാരൻ കണ്ടുപിടിച്ചതും ബൈബിളിൽ രേഖപ്പെടുത്തിയ സത്യത്തിൽ നിന്നാണ് (ലേവ്യർ 17:11; യെശയ്യാവ് 40:22).

ഭൂമിയിലെ നദികളിൽ കൂടെ എല്ലാം ഒഴുകിച്ചെല്ലുന്ന ജലത്തിൻെറ അളവ് വളരെ കൂടുതലാണ്. എങ്കിലും അതുകൊണ്ട് ജലപ്രളയം ഉണ്ടാകുന്നില്ല. കാരണം ആ വെള്ളം എല്ലാം കടലിൽ ചെന്നു ചേരുന്നു. പക്ഷെ അത് വീണ്ടും നീരാവിയായി ഉയർന്നു പൊങ്ങുന്നു. വീണ്ടും മഴയായി താഴെ വരുന്നു (സഭാപ്രസംഗി 1:7). മനുഷ്യരുടെ കാഴ്ചപ്പാടിനപ്പുറമായ പ്രപഞ്ച സത്യങ്ങൾ ഇതുപോലെ ധാരാളമുണ്ട്. ആ സത്യത്തെ നിഷേധിക്കുവാൻ ആർക്കും കഴിയുകയില്ല. ദൈവത്തിൻെറ ഇത്തരം മഹത്തായ പ്രവൃത്തികളെ ദൈവത്തിൻെറ പ്രവാചകനായിരുന്ന ആമോസ് പറഞ്ഞിരിക്കുന്നു (ആമോസ് 9:8). ഇത്തരം ശാസ്ത്രീയ സത്യങ്ങൾ ആധികാരികമായി വിശ്വസിക്കുന്നവർ എന്തുകൊണ്ട് അവയുടെ ഉറവിടമായ ദൈവവചനത്തെ വിശ്വസിക്കുന്നില്ല എന്നതു വിചിത്രം തന്നെ.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 8 45 to 9.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.00 to 2.15 P.M.
Tuesdays — 2.00 to 2.15 P.M.
Thursdays — 2.00 to 2.15 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To